**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാചകത്തൊഴിലാളികൾ രണ്ടുമാസമായി വേതനം കിട്ടാതെ പ്രതിസന്ധിയിലായ സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സ്കൂൾ പാചകത്തൊഴിലാളികളുടെ ഓണറേറിയം വിതരണം ചെയ്യുവാൻ കാലതാമസം നേരിടുന്ന വിഷയം വളരെ ഗൗരവമായിതന്നെ കാണുന്നുണ്ട്. മുൻകാലങ്ങളിൽ പാചകത്തൊഴിലാളികൾക്ക് 5 അല്ലെങ്കിൽ 10-ാം തീയതിക്ക് മുമ്പായി ഓണറേറിയം നൽകി വന്നിരുന്നു. എന്നാൽ പി എഫ് എം എസ് നടപ്പിലാക്കിയ 2021-2022 വർഷം മുതൽ പി എഫ് എം എസ് മുഖേനയാണ് ഓണറേറിയം വിതരണം അടക്കമുള്ള പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ധന ഇടപാടുകളും നടത്തിവരുന്നത്. കേന്ദ്ര വിഹിതം ലഭ്യമായാൽ മാത്രമേ അതിന് ആനുപാതികമായ സംസ്ഥാന വിഹിതവും കൂടി ചേർത്ത് താഴെ തട്ടിലേക്ക് ഓണറേറിയം വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. പലപ്പോഴും കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഇത് സമയബന്ധിതമായി താഴെതട്ടിലേക്ക് തുക ലഭ്യമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിനായി സംസ്ഥാന അധിക വിഹിതത്തിൽ നിന്നും പാചകത്തൊഴി ലാളികൾക്കുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | 2024 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ പൂർണ്ണ വേതനം സ്കൂൾ പാചകത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | 2024 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള പാചകത്തൊഴിലാളികളുടെ ഓണറേറിയം ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വീതവും, ഡിസംബർ , മാസങ്ങളിലെ മുഴുവൻ ഓണറേറിയവുമാണ് നിലവിൽ |

| | | | |
|---|---|---|---|
| | | | കുടിശ്ശികയായി വിതരണം ചെയ്യുവാൻ ഉള്ളത്. കേന്ദ്ര സർക്കാർ റിലീസ് ചെയ്ത നടപ്പ് വർഷത്തെ ആദ്യ ഗഡുവിന്റെ ബാലൻസ് തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി എഫ് എം എസ് സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് റിലീസ് ചെയ്തയുടൻ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വിതരണം ചെയ്യുന്നതാണ്. ഡിസംബർ മാസത്തെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള ഓണറേറിയം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. |
| (സി) | അഞ്ഞൂറ് കുട്ടികൾക്ക് ഒരു തൊഴിലാളി എന്ന അനുപാതത്തിലാണോ നിലവിൽ പാചകത്തൊഴിലാളികളെ നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിലെ വ്യവസ്ഥകൾ പ്രകാരം 500 കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുവാൻ ഒരാളും 500 ന് മുകളിൽ രണ്ട് പേരും എന്ന കണക്കിലാണ് സംസ്ഥാനത്തെ സ്കൂളുകളിൽ പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ (PM POSHAN) ഗുണഭോക്താക്കളായ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി കേന്ദ്ര മാർഗ്ഗരേഖ പ്രകാരം ഓണറേറിയം വ്യവസ്ഥയിലാണ് പാചകത്തൊഴിലാളികളെ നിയമിച്ചിട്ടുള്ളത്. ഒരു നിശ്ചിത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രതിഫലമായി ഓണറേറിയം കൈപ്പറ്റിക്കൊണ്ട് ജോലിയിൽ തുടരുന്ന പ്രസ്തുത തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിഷയത്തിൽ സംസ്ഥാനം പിന്തുടരുന്ന രീതിയിൽ നിന്ന് തികച്ചും വ്യത്യസ്തമായ നോംസാണ് കേന്ദ്ര മാർഗ നിർദേശങ്ങളിൽ പരാമർശിക്കുന്നത് കേന്ദ്രസർക്കാർ നോംസ് അനുസരിച്ച്, 500 കുട്ടികൾക്ക് 6 പാചകതൊഴിലാളികളെ നിയമിക്കേണ്ടതുണ്ട്. പക്ഷെ, കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നതി നേക്കാൾ വളരെ ഉയർന്ന നിരക്കിൽ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാൽ ടി നിബന്ധന സംസ്ഥാനത്ത് നടപ്പിലാക്കുന്നത് പ്രായോഗികമാകുകയില്ല. |
| (ഡി) | പ്രസ്തുത അനുപാതം മാറ്റി പകരം നൂറ്റിയൻപത് കുട്ടികൾക്ക് ഒരു പാചകത്തൊഴിലാളി എന്നാക്കാൻ നടപടി കൈക്കൊള്ളുമോ? | (ഡി) | നിലവിലെ വ്യവസ്ഥകൾ പ്രകാരം 500 കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുവാൻ ഒരാളും 500 ന് മുകളിൽ രണ്ട് പേരും എന്ന കണക്കിലാണ് സംസ്ഥാനത്തെ സ്കൂളുകളിൽ പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ (PM POSHAN) ഗുണഭോക്താക്കളായ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി കേന്ദ്ര മാർഗ്ഗരേഖ പ്രകാരം ഓണറേറിയം വ്യവസ്ഥയിലാണ് പാചകത്തൊഴിലാളികളെ നിയമിച്ചിട്ടുള്ളത്. ഒരു നിശ്ചിത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രതിഫലമായി |

| | | | |
|---|---|---|---|
| | | | ഓണറേറിയം കൈപ്പറ്റിക്കൊണ്ട് ജോലിയിൽ തുടരുന്ന പ്രസ്തുത തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിഷയത്തിൽ സംസ്ഥാനം പിന്തുടരുന്ന രീതിയിൽ നിന്ന് തികച്ചും വ്യത്യസ്തമായ നോംസാണ് കേന്ദ്ര മാർഗ നിർദേശങ്ങളിൽ പരാമർശിക്കുന്നത് കേന്ദ്രസർക്കാർ നോംസ് അനുസരിച്ച്, 500 കുട്ടികൾക്ക് 6 പാചകതൊഴിലാളികളെ നിയമിക്കേണ്ടതുണ്ട്. പക്ഷെ, കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നതി നേക്കാൾ വളരെ ഉയർന്ന നിരക്കിൽ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാൽ ടി നിബന്ധന സംസ്ഥാനത്ത് നടപ്പിലാക്കുന്നത് പ്രായോഗികമാകുകയില്ല. |

സെക്ഷൻ ഓഫീസർ